ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:25.08.2024**

## പ്രധാനവാർത്തകൾ

1. രാഷ്ട്രീയത്തിലേക്ക് വരാനുള്ള രാജ്യത്തെ വലിയൊരു വിഭാഗം യുവജനങ്ങളുടെ സന്നദ്ധത വ്യക്തമാണെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്തും AMMA ജനറൽ സെക്രട്ടറി സിദ്ദിഖും സ്ഥാനങ്ങൾ രാജിവച്ചു. തെറ്റ് ചെയ്ത ആരെയും സർക്കാർ സംരക്ഷിക്കില്ലെന്ന് മന്ത്രി സജി ചെറിയാൻ.

3. സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ 69.35 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര അംഗീകാരം ലഭിച്ചതായി മന്ത്രി വീണാ ജോർജ്.

4. വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിൽ ഇന്ന് തുടർന്നു. പുനരധിവാസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് വ്യാഴാഴ്ച സർവ്വകക്ഷി യോഗം ചേരും.

5. ശോഭാ യാത്രകളോടെ നാടെങ്ങും നാളെ ശ്രീകൃഷ്ണ ജയന്തി ആഘോഷം. ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ അഷ്ടമിരോഹിണി വള്ളസദ്യ നടക്കും

6. സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

$$$$$$$$$$$$$$$$$$$$$

RNU TVPM

# <u>മൻ കി ബാത്ത്</u>

ബഹിരാകാശ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളിൽ നിന്ന് രാജ്യത്തെ യുവജനങ്ങൾക്ക് വളരെയധികം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 113 ആം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ ദിനത്തിൽ ചുവപ്പുകോട്ടയിൽ നടത്തിയ പ്രസംഗത്തിന് ലഭിച്ച പ്രതികരണങ്ങളിൽ നിന്ന്, രാഷ്ട്രീയത്തിലേക്ക്

വരാനുള്ള രാജ്യത്തെ വലിയൊരു വിഭാഗം യുവജനങ്ങളുടെ സന്നദ്ധത വ്യക്തമായി. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്

വലിയ സ്വീകാര്യത ലഭിച്ചു. രാജ്യത്ത് നിരവധി സ്റ്റാർട്ട്-അപ്പ് സംഘങ്ങൾ പരിസ്ഥിതിയെ പരിപോഷിപ്പിക്കുന്ന

ശ്രമങ്ങളിൽ പങ്കുചേരുന്നതിൽ സന്തോഷമുണ്ടെന്നും ശ്രീ. മോദി പറഞ്ഞു. പരിസ്ഥിതിയെ മെച്ചപ്പെടുത്താൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്ന് പറഞ്ഞ പ്രധാനമന്ത്രി, ഉപയോഗം കഴിഞ്ഞ കളിപ്പാട്ടങ്ങൾ, അവ ആവശ്യമുള്ളവർക്ക് എത്തിക്കാൻ രക്ഷിതാക്കളോട് ആഹ്വനം ചെയ്തു.
(ഹോൾഡ് വോയിസ്- പി എം)
കുട്ടികളുടെ പോഷകാഹാരം എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സെപ്റ്റംബർ 1നും 30നും ഇടയിൽ 'പോഷകാഹാരമാസം' രാജ്യം ആചരിക്കുന്നു. തങ്ങളുടെ പ്രദേശത്തെ പോഷകാഹാര ബോധവൽക്കരണ കാമ്പെയ്നിൽ പങ്കു ചേരണമെന്നും ജനങ്ങളോട് അദ്ദേഹം ആവശ്യപ്പെട്ടു. പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങളെ #cheer4bharat എന്ന ഹാഷ് ടാഗിലൂടെ പ്രോത്സാഹിപ്പിക്കാനും ശ്രീ. നരേന്ദ്രമോദി അഭ്യർത്ഥിച്ചു.

$$$$$$$$$$$$$$$$$$$$

RNU TVPM

## സൂചിപ്പാറ

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്ക് വേണ്ടിയുള്ള തിരച്ചിലിൽ ഇന്ന് ആറ് ശരീരഭാഗങ്ങൾ കണ്ടെത്തി. പ്രത്യേക സംഘം നടത്തുന്ന പരിശോധനയിലാണ് സൂചിപ്പാറ മേഖലയിൽ നിന്നും ശരീരഭാഗങ്ങൾ കണ്ടെത്തിയത്. ഇന്നത്തെ തിരച്ചിൽ വൈകിട്ട് മൂന്നരയോടെ അവസാനിപ്പിച്ചു.

$$$$$$$$$$$$$$$$$$$$

## സർവകക്ഷി യോഗം

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരായവരുടെ പുനരധിവാസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി പിണറായി വിജയൻ സർവ്വകക്ഷി യോഗം വിളിച്ചു. ഈ മാസം 29 ന് ഓൺലൈനായാണ് യോഗം ചേരുക. വിവിധ വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി മാർ എന്നിവരും പങ്കെടുക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$

## രഞ്ജിത്ത്, സിദ്ദിഖ് രാജി, പ്രതികരണം

സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത്ത് രാജി വച്ചു. രഞ്ജിത്ത് അപമര്യാദയായി പെരുമാറിയെന്ന ബംഗാളി അഭിനേത്രിയുടെ ആരോപണത്തിന് പിന്നാലെയായിരുന്നു രാജി. യുവ അഭിനേത്രിയുടെ പീഡന ആരോപണത്തെ തുടർന്ന്, താര സംഘടനയായ AMMA യുടെ ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് നടൻ സിദ്ദിഖും രാജിവച്ചു. രാജിക്കത്ത് അസോസിയേഷൻ പ്രസിഡൻറ് മോഹൻലാലിന് സിദ്ദിഖ് കൈമാറി. അതിനിടെ, തനിക്കെതിരായ ആരോപണങ്ങളെ നിയമപരമായി നേരിടുമെന്ന് രഞ്ജിത് ശബ്ദ സന്ദേശത്തിൽ പറഞ്ഞു. തെറ്റ് ചെയ്ത ആരെയും സർക്കാർ സംരക്ഷിക്കില്ലെന്നും, തന്റേത് സ്ത്രീപക്ഷ

നിലപാടാണെന്നും മന്ത്രി സജി ചെറിയാൻ പ്രതികരിച്ചു. ആരോപണങ്ങളിൽ പരാതി കിട്ടിയാലേ കേസ് എടുക്കൂ എന്നും മന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$

## മന്ത്രിമാർ- പ്രതികരണം

സിനിമ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പുറത്തു വരുന്ന വെളിപ്പെടുത്തലുകളിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി രാജീവ്. ആരെയും സംരക്ഷിക്കേണ്ട ബാധ്യത സർക്കാരിന് ഇല്ല. വിഷയത്തിൽ നിയമപരമായ പരിശോധന നടത്തി ഉചിതമായ കാര്യങ്ങൾ ചെയ്യുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. നിയമം പ്രാവർത്തികമാക്കി നീതി ഉറപ്പാക്കുന്ന സർക്കാരാണിതെന്നും, എത്ര ഉന്നതർക്കെതിരെ ആയാലും ഇരയ്ക്ക് നീതി ഉറപ്പാക്കുമെന്നും മന്ത്രി എം. ബി. രാജേഷ് പറഞ്ഞു.

RNU TVPM

$$$$$$$$$$$$$$$$$$$$$

## വി ഡി സതീശൻ

രഞ്ജിത്തിന്റെയും സിദ്ധിഖിന്റെയും രാജിയെ സ്വാഗതം ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. വേട്ടക്കാരെ സംരക്ഷിക്കാൻ ശ്രമിച്ച സാംസ്കാരിക മന്ത്രി സജി ചെറിയാനും മന്ത്രി സ്ഥാനം രാജിവയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഹേമ കമ്മിറ്റി റിപ്പോർട്ടിൻ മേൽ അന്വേഷണം നടത്താൻ വനിത ഐ.പി.എസ് ഉദ്യോഗസ്ഥയുടെ നേതൃത്വത്തിലുള്ള സംഘത്തെ അടിയന്തിരമായി ചുമതലപ്പെടുത്തണം. യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ശ്രീ. സതീശൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

## കെ സുരേന്ദ്രൻ

കേരളത്തിൽ സ്ത്രീ സുരക്ഷ അവതാളത്തിലാണെന്നും മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഒഴിയണമെന്നും ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. പോലീസിൽ പരാതി പറഞ്ഞാലും കേസ് എടുക്കാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളതെന്നും സുരേന്ദ്രൻ കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു. പോലീസിൽ പരാതി നൽകാൻ ആണ് സർക്കാർ ഇപ്പോൾ പറയുന്നത്. അങ്ങനെ എങ്കിൽ എന്തിനായിരുന്നു ഹേമ കമ്മറ്റി എന്ന് അദ്ദേഹം ചോദിച്ചു. സർക്കാർ വേട്ടക്കാർക്കൊപ്പം ആണെന്നും ശ്രീ. സുരേന്ദ്രൻ ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$

## വീണ ജോർജ്

RNUTVPM

സംസ്ഥാനത്ത് ആരോഗ്യ രംഗത്തെ സൗകര്യങ്ങൾ ഒരുക്കാൻ കൂടുതൽ പദ്ധതികൾക്ക് അനുമതി ലഭ്യമായതായി മന്ത്രി വീണാ ജോർജ്. ദേശീയ ആരോഗ്യ ദൗത്യം മുഖേന കേരളം നടപ്പാക്കുന്ന നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾക്കാണ് അനുമതി ലഭ്യമായത്. 69.35 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾക്കാണ് കേന്ദ്ര അംഗീകാരം ലഭിച്ചത്. ആശുപത്രികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് പുറമേയാണ് ഈ പദ്ധതികൾ അനുദിച്ചതെന്നും മന്ത്രി വ്യക്തമാക്കി. 29 ആരോഗ്യ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം നൽകിയത്. 60 ശതമാനം കേന്ദ്ര ഫണ്ടും 40 ശതമാനം സംസ്ഥാന ഫണ്ടും ഉപയോഗിച്ചാണ് ദേശീയ ആരോഗ്യ ദൗത്യം പദ്ധതികൾ നടപ്പിലാക്കുന്നത്.

$$$$$$$$$$$$$$$$$$$$$

## ശ്രീകൃഷ്ണ ജയന്തി

നാളെ ശ്രീകൃഷ്ണ ജയന്തി. ഗുരുവായൂർ ഉൾപ്പെടെയുള്ള പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ആഘോഷങ്ങൾക്കും
ഭക്തർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ശോഭാ യാത്ര നടക്കും. തിരുവനന്തപുരത്ത് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സംഗമ ശോഭായാത്ര ഉദ്ഘാടനം ചെയ്യും.
ശോഭാ യാത്രയോടനുബന്ധിച്ച് നാളെ തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് ഏഴ് വരെ പാളയം മുതൽ കിഴക്കേക്കോട്ട വരെയുള്ള ഭാഗത്താണ്, നിയന്ത്രണം ഏർപ്പെടുത്തിയത്. ഈ സമയത്ത് ഇവിടെ വാഹന പാർക്കിംഗ് അനുവദിക്കില്ല.

$$$$$$$$$$$$$$$$$$$$$

## അഷ്ടമിരോഹിണി വള്ള സദ്യ(ഇൻട്രോ)

അഷ്ടമിരോഹിണി വള്ളസദ്യ നാളെ ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നടക്കും. വള്ളസദ്യയുടെ ഉദ്ഘാടനം രാവിലെ 11 ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിക്കും. 500 പറ അരിയുടെ സദ്യയാണ് ഒരുക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്)

$$$$$$$$$$$$$$$$$$$$$

## കഴക്കൂട്ടം കുട്ടി

കഴക്കൂട്ടത്ത് നിന്ന് കാണാതായ അസം സ്വദേശിയായ 13 കാരിയുമായി കേരള പൊലീസ് സംഘം ഇന്ന് രാത്രിയോടെ

RNU TVPM

തിരുവനന്തപുരത്ത് എത്തും. വിശാഖപട്ടണത്ത് നിന്നും ഇന്നലെയാണ് പോലീസ് സംഘം കുട്ടിയുമായി യാത്ര തിരിച്ചത്.

ഇന്നലെ വരെ കുട്ടി വിശാഖപട്ടണത്തെ സി ഡബ്ല്യു സി സംരക്ഷണ കേന്ദ്രത്തിലായിരുന്നു. കോടതിയിൽ ഹാജരാക്കിയ ശേഷമാകും കുട്ടിയുടെ സംരക്ഷണ കാര്യത്തിൽ തീരുമാനമെടുക്കുക.

$$$$$$$$$$$$$$$$$$$$$$

## ചട്ടമ്പിസ്വാമി ജയന്തി

ചട്ടമ്പിസ്വാമിയുടെ 171-ാം ജയന്തി ആഘോഷത്തിനും അഞ്ചുദിവസം നീണ്ട തീർത്ഥാടന മഹോത്സവത്തിനും തിരുവനന്തപുരത്ത് സമാപനം.

കണ്ണമ്മൂല ചട്ടമ്പിസ്വാമി ജന്മസ്ഥാന ക്ഷേത്രത്തിൽ നടന്ന ജയന്തിസമ്മേളനം മന്ത്രി കെ.ബി.ഗണേശ് കുമാർ ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ വിദ്യാധിരാജാ പുരസ്കാരങ്ങൾ കവിയും സാഹിത്യകാരനുമായ ഡോ.എഴുമറ്റൂർ രാജരാജവർമ്മ, ആദ്ധ്യാത്മിക പ്രവർത്തകൻ എ.ആർ.ഗിരീഷ്കുമാർ എന്നിവർക്ക് മന്ത്രി സമ്മാനിച്ചു.

RNUTVPM

$$$$$$$$$$$$$$$$$$$$$$

## കാലാവസ്ഥ

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരും. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലും നാളെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ലെന്നും, കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

## ആകാശവാണി-പ്രഭാഷണ പരമ്പര

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര കോട്ടയം പനമറ്റം ദേശീയ വായനശാലയിൽ ഇന്ന് നടന്നു. ഇതിനോടനുബന്ധിച്ച് നടന്ന കഥയരങ്ങിൽ മലയാളത്തിലെ ശ്രദ്ധേയരായ കഥാകൃത്തുക്കൾ പങ്കെടുത്തു. തുടർന്ന് എഴുത്തുകാരനും അധ്യാപകനുമായ അജയപുരം ജ്യോതിഷ് കുമാർ ചലച്ചിത്ര ഗാനങ്ങളിലെ കാവ്യദീപ്തി എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$

$$$$$$

RNU TVPM